പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3215 21.08.2017-ലെ മറുപടിക്ക്

## കെ. എസ്. ആർ. ടി.സി. യുടെ സഞ്ചിത നഷ്ടം

ചോദ്യം

ശ്രീ.ഇ.പി. ജയരാജൻ

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ. ടി. സി. യുടെ നിലവിലെ സഞ്ചിത നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | 2016-17 സാമ്പത്തിക വർഷത്തിലെ താൽക്കാലിക കണക്കനുസരിച്ച് കെ. എസ്. ആർ. ടി. സി. യുടെ സഞ്ചിത നഷ്ടം 8031.56 കോടി രൂപ. |
| (ബി) | കെ. എസ്. ആർ. ടി. സിയുടെ വരവ് ചെലവുകൾ സന്തുലനമാക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദീകരിക്കുമോ; | (ബി) | കെ. എസ്. ആർ. ടി. സി. യെ പുന: സംഘടിപ്പിക്കുന്നതിനും ലാഭത്തിലേക്കെത്തിക്കുന്നതിനുമായിട്ടുള്ള സമഗ്ര പാക്കേജിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്നയെ, സർക്കാർ വിശദപഠനം നടത്തുവാൻ കൺസൾട്ടന്റായി ചുമതലപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക പുന: ക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞ കാല തിരിച്ചടവിലും കെ. എസ്. ആർ. ടി. സി എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുപ്രകാരം കെ. എസ്. ആർ. ടി. സി. യ്ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 45 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനരുദ്ധാരണത്തിന് വേണ്ടിയുള്ള പാക്കേജിന് രൂപം നല്കുന്നതിനുള്ള ചർച്ചകൾ എതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (സി) | ചർച്ചകൾ തുടർന്നുവരുന്നു. പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പുനരുദ്ധാരണ പാക്കേജിന്റെ അന്തിമരൂപം തയ്യാറാക്കാനാകൂ. |

സെക്ഷൻ ഓഫീസർ